## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2103

18.07.2016-ൽ മറുപടിക്ക്

## ആധാരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ആധാരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടികൾ ഏതു ഘട്ടം വരെയായി എന്നറിയിക്കാമോ; ഇനി എത്ര സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും അവ ഏതെല്ലാമെന്നും എത്ര സമയം കൊണ്ട് അവ പൂർത്തികരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | എ) തിരുവനന്തപുരം ജില്ലയിലെ എട്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളിൽ സൂക്ഷിച്ചിട്ടുള്ള ആധാര പകർപ്പുകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കിയിട്ടുണ്ട്. 1980 മുതൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ആധാരങ്ങളുടെ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം, എന്നീ നാല് ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര ധനസഹായം പ്രയോജനപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. എന്നാൽ പദ്ധതിക്കായി അനുവദിച്ച തുക നാമമാത്രമായതിനാൽ, പദ്ധതി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.<br>എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും രജിസ്ട്രേഷൻ നടപടികൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ട്. ഇടുക്കി ജില്ലയിൽ പുതുതായി ആരംഭിച്ച തോപ്രാംകുടി, പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം, പാലക്കാട് ജില്ലയിലെ ചിറ്റൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾ പുതിയ കെട്ടിടത്തിലേക്കു മാറുന്നതിനാൽ ഈ മൂന്ന് ഓഫീസുകൾ ഒഴികെ ബാക്കി 311 സബ് രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. കെട്ടിടമാറ്റം നടക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ മൂന്ന് ഓഫീസുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്. |
| ബി) കുടുംബ വസ്തുക്കൾ ഭാഗം ചെയ്യുന്നതിന്റെ നടപടിക്രമം എന്താണെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച് | ബി) കുടുംബത്തിലെ അംഗങ്ങൾക്ക് കൂട്ടവകാശപ്പെട്ട വസ്തുക്കൾ വെവ്വേറെ ഭാഗിക്കുന്നതിനോ ഭാഗിക്കുവാൻ സമ്മതിക്കുകയോ ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കുന്ന |

ഉണ്ടായിട്ടുള്ള പരാതികളിൽ സ്വീകരിച്ചിട്ടുള്ള തീരുമാനമെന്താണെന്നും പരാതിയുണ്ടെങ്കിൽ എത്ര ദിവസത്തിനകം ആർക്കാണ് സമർപ്പിക്കേണ്ടതെന്നും വിശദമാക്കുമോ?

ആധാരങ്ങൾ ഭാഗപത്രമായി രജിസ്റ്റർ ചെയ്യുക എന്നതാണ് ഭാഗം ചെയ്യുന്നതിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച നടപടിക്രമം. റവന്യൂ ഉദ്യോഗസ്ഥനോ, സിവിൽ കോടതിയോ ഭാഗം ചെയ്യാൻ വിധിക്കുന്ന ഉത്തരവുപ്രകാരമുള്ള ആധാരവും ഭാഗപത്രമായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

1959-ലെ കേരള മുദ്രപത്ര നിയമം പട്ടിക 42 ലെ വിശദീകരണത്തിൽ കുടുംബം എന്നാൽ മാതാവ്, പിതാവ്, മുത്തശ്ശൻ, മുത്തശ്ശി, ഭർത്താവ്, ഭാര്യ, മകൻ, മകൾ, ചെറുമക്കൾ, സഹോദരൻ, സഹോദരി, മരിച്ചുപോയ മക്കളുടെ നിയമാനുസൃത അവകാശികൾ എന്നാണ് നിർവ്വചിച്ചിട്ടുള്ളത്.

ഭാഗം ചെയ്യുന്ന വസ്തുക്കൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഭാഗപത്രാധാരം വസ്തു സ്ഥിതി ചെയ്യുന്ന അധികാര പരിധിയിലെ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്ട്രേഷനായി ഹാജരാക്കേണ്ടതാണ്. 1959 ലെ കേരള മുദ്രപത്ര നിയമം പട്ടിക 42 അനുസരിച്ചുള്ള രജിസ്ട്രേഷൻ ഫീസും ഒടുക്കേണ്ടതാണ്.

ഭാഗം ചെയ്യുന്നതിന് കുടുംബാഗങ്ങൾക്കിടയിലുള്ള തർക്കങ്ങൾക്കുള്ള പരിഹാരത്തിന് കോടതിയെ സമീപിക്കാവുന്നതാണ്. ഭാഗപത്ര രജിസ്ട്രേഷൻ നടപടികൾ സംബന്ധിച്ചുള്ള പരാതികൾ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് സമർപ്പിക്കാവുന്നതാണ്. പരാതിയുടെ സ്വഭാവമനുസരിച്ച് തീരുമാനമെടുക്കുന്നതിനാൽ പരാതികളിന്മേലുള്ള തീരുമാനമെന്താണെന്ന് വ്യക്തമാക്കുന്നതിന് കഴിയുകയില്ല. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് പരാതി സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**